വിഴിഞ്ഞം പദ്ധതി

105 (2924) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കരാർ അദാനി ഗ്രൂപ്പിന് നൽകാൻ തുറമുഖ കമ്പനി തീരുമാനം എടുത്തത് ഏത് തീയതിയിലായിരുന്നു ; ആരുടെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്പനി ബോർഡ് യോഗത്തിലാണ് അദാനി ഗ്രൂപ്പിന് കരാർ നൽകാൻ തീരുമാനിച്ചിരുന്നത് ;

(ബി) കരാർ സംബന്ധിച്ച കാര്യത്തിൽ സർവ്വകക്ഷിയോഗം വിളിച്ചു ചേർത്തതിന്റെ ഉദ്ദേശം എന്തായിരുന്നു ; യോഗത്തിൽ ഉന്നയിക്കപ്പെട്ട പ്രധാന വാദഗതികൾ എന്തെല്ലാമായിരുന്നു ;

(സി) ഏക ടെണ്ടർ നൽകിയ അദാനി ഗ്രൂപ്പിന് കരാർ നൽകാൻ മന്ത്രിസഭയുടെ പരിഗണനയ്ക്ക് അങ്ങനെ വന്നത് ഏത് തീയതിയിലായിരുന്നു ; ഏത് തീയതിയിൽ നടന്ന മന്ത്രിസഭായോഗത്തിലാണ് കരാർ അദാനിക്കുതന്നെ നൽകണമെന്ന് തീരുമാനിച്ചത് ; മന്ത്രിസഭായോഗ തീരുമാനത്തിൽ സർവ്വകക്ഷി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ് ;

(ഡി) മന്ത്രിസഭാ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് ലഭ്യമാക്കാമോ ?

ഉത്തരം

(എ) കരാർ അദാനി ഗ്രൂപ്പിന് നൽകുവാൻ തുറമുഖ കമ്പനി തീരുമാനമെടുത്തിട്ടില്ല. 13-5-2015-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്പനി ബോർഡ് യോഗം കരാർ അംഗീകരിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുകയാണ് ഉണ്ടായത്.

(ബി) മന്ത്രിസഭാ തീരുമാനപ്രകാരമാണ് സർക്കാർ സർവ്വകക്ഷി യോഗം വിളിച്ചിട്ടുള്ളത്. സർവ്വകക്ഷി യോഗത്തിലെ പ്രധാന വാദഗതികൾ അടങ്ങിയ യോഗത്തിന്റെ മിനിട്സ് അനുബന്ധം I ആയി വച്ചിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ കരാർ അദാനിക്ക് നൽകുന്ന വിഷയം 20-5-2015-ലെ മന്ത്രിസഭായോഗത്തിലാണ് ആദ്യമായി പരിഗണനയ്ക്ക് വന്നത്. 3-6-2015-ലെ സർവ്വ കക്ഷിയോഗത്തിനുശേഷം തീരുമാനം എടുക്കാവുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചതിനെത്തുടർന്ന് സർവ്വകക്ഷിയോഗം നടത്തുകയും 10-6-2015-ലെ മന്ത്രിസഭാ യോഗത്തിൽ വീണ്ടും ഈ വിഷയം പരിഗണിക്കുകയും അദാനി സമർപ്പിച്ച ബിഡ് അംഗീകരിക്കുവാൻ തത്വത്തിൽ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

കായിക്കര പാലം നിർമ്മാണം

1024 (2923) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കം അഞ്ചുതെങ്ങ് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കരപാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വക്കം ഗ്രാമപഞ്ചായത്തിനെയും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കരപാലം നിർമ്മിക്കുന്നതിന് 1925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡ് ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായി തയ്യാറാക്കിയിരുന്നുവെങ്കിലും ടി പ്രവൃത്തിക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ടി പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. നബാർഡ് ഗൈഡ്ലൈൻസ് പ്രകാരം പ്രവൃത്തിക്കാവശ്യമായ സ്ഥലം പൂർണ്ണമായും ഏറ്റെടുത്താൽ മാത്രമേ പദ്ധതിക്ക് നബാർഡ് അംഗീകാരം ലഭിക്കുകയുള്ളൂ. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

വിഴിഞ്ഞം പദ്ധതി

106 (2925) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതി അദാനി ഗ്രൂപ്പിന് നൽകുന്നതിന് തീരുമാനിച്ച മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly